# അദ്ധ്യായം - 20



*ദാസ്ഗനുവിന്റെ പ്രശ്നം കാക്കാസാഹിബ് ദീക്ഷിത്തിന്റെ വേലക്കാരി പരിഹരിച്ചത്*

## മുഖവുര

സായി ആദിയിൽ നിരാകാരനായിരുന്നു. ഭക്തന്മാരുടെ ഗുണത്തിനു വേണ്ടി രൂപം കൈകൊണ്ടതാണ്. മായയാകുന്ന തടിയോടുകൂടി വിശ്വനാടകവേദിയിൽ ഒരു നടനായി ബാബ അഭി നയിച്ചു. നമുക്ക് മദ്ധ്യാഹ്ന ആരതിക്കുശേഷമുള്ള പരിപാടികൾ കാണുക. ആരതി കഴിഞ്ഞതും,സായിബാബ മസ്ജിദിൽനിന്ന് പുറത്തുവന്ന് ഒരറ്റത്തുനിന്ന്, സ്നേഹാർദ്ര ദൃഷ്ടികളോടെ ഭക്ത ന്മാർക്ക് ഉധി കൊടുക്കുന്നു. ഭക്തന്മാർ അതീവ സന്തുഷ്ടരായി ബാബയുടെ പാദനമസ്കാരം ചെയ്തു നിന്ന് ദർശിച്ച് ഉധിവർഷം ആസ്വദിക്കുന്നു. ബാബ ഓരോ പിടി ഉധി ഭക്തന്മാർക്ക് കൊടുത്ത് വിരൽകൊണ്ട് നെറ്റിയിൽ കുറിയിട്ടുകൊടുക്കുന്നു. അവരോട് ബാബയ്ക്കുള്ള പ്രേമം സീമാതീതമാണ്. അവരോട് ഇങ്ങിനെ പറയുന്നു.'ഓ ഭാവു! (സഹോദരാ) പോയി ഭക്ഷണം കഴിക്കൂ.

അന്നാ! നീ ലോഡ്ജിലേക്കു ചെല്ലു. ബാപ്പു! നീ പോയി സുഖമായി ഭക്ഷണം കഴിക്കൂ' എന്നിങ്ങനെ. ഇത്തരത്തിൽ ഓരോ ഭക്തനെയും അഭിസംബോധന ചെയ്തു വീട്ടിലേ ക്കയക്കും. ഇപ്പോഴും ഈ വക രംഗങ്ങളെ നിങ്ങൾക്ക് മനസ്സിൽ വിഭാവനം ചെയ്തു കാണാം. അങ്ങനെ ഭാവനയിൽകണ്ട് നിങ്ങൾക്കാസ്വദിക്കാം. അങ്ങനെ രൂപത്തെ ധ്യാനിച്ച്, പാദം മുതൽ മുഖംവരെ കണ്ട്, ഭക്തിബഹുമാനപുരസ്സരം സാഷ്ടാഗ പ്രണാമം ചെയ്ത് ഈ അദ്ധ്യായത്തിലെ കഥയിലേക്ക് പ്രവേശിക്കാം.

## ഈശോപനിഷത്ത്

ദാസ്ഗനു ഒരിക്കൽ ഈശോപനിഷത്തിന്ന് ഒരു മറാത്തി വ്യാഖ്യാനം എഴുതാൻ തീരുമാനിച്ചു. നമുക്ക് തുടർന്നു കഥ പറയുന്നതിന് മുമ്പായി ഈ ഉപനിഷത്തിനെപറ്റി ഒരു ചുരുക്ക വിവരം പറയാം. അതിനെ മന്ത്രോപനിഷത്ത് എന്നാണ് പറയുക. വേദസംഹിതകളിലെ മന്ത്രങ്ങളാണവ. അതു യജുർവേദത്തിലെ (വാജസ്നേയിസംഹിത) 40-ാം അദ്ധ്യായമാണ്. അതിനാൽ അതിനെ വാജസ്നേയിസംഹിതോപനിഷത്ത് എന്നും പറയുന്നു. വേദസംഹിതഭാഗമായതിനാൽ ഇതിനെ എല്ലാ ഉപനിഷത്തുക്കളിലും വെച്ച് മഹത്തായതായാണ് കരുതുന്നത്. അങ്ങിനെ ബ്രാഹ്മണങ്ങളിലും ആരണ്യകങ്ങളിലും പ്രസ്താവിച്ചു കാണുന്നുണ്ട്. മാത്രമല്ല, മറ്റുപനിഷത്തുകൾ ഈശോപനിഷത്തിലെ തത്ത്വങ്ങളുടെ വ്യാഖ്യാനങ്ങളായും കരുതുന്നുണ്ട്. ഉദാഹരണമായി ഏറ്റവും വലിയ ഉപനിഷത്തായ ബ്രഹദാരണ്യക ഉപനിഷത്തിനെ ഈശോപനിഷ്ത്തിന്റെ ഒരു വ്യാഖ്യാനമായി പണ്ഡിറ്റ് സത്വലേക്കർ കരുതുന്നു.

പ്രൊഫസ്സർ ആർ. ഡി. റാനഡെ പറയുന്നു:- ‘ഈശോപനിഷത്ത് ഒരു ചെറിയ ഉപനിഷത്താണ്. എങ്കിലും അതിൽ അവഗാഢമായ അന്തർദൃഷ്ടിയുടെ സൂചനകൾ വളരെ ഏറെ ഉള്ളതാണ്. ചുരുങ്ങിയ 18 ശ്ലോകങ്ങളെകൊണ്ട് ആത്മനെകുറിച്ചുള്ള അമൂല്യമായ വിവരണവും, മോഹങ്ങളുടെയും ദുരന്തങ്ങളുടെയും നടുവിൽ പതറാതെ നില്ക്കുന്ന യഥാർത്ഥ ഋഷിയുടെ ലക്ഷണവും, കർമ്മ യോഗത്തിന്റെ തത്വവും, ജ്ഞാനകർമ്മ യോഗങ്ങളുടെ ഏകോപനവും ഭംഗിയായി പ്രതിപാദിച്ചിരിക്കുന്നു. ഇതാണ് ഉപനിഷത്തുകളുടെ എല്ലാം സാരാംശം. ഇശോപനിഷത്ത് സദാചാരത്തിന്റെയും ആദ്ധ്യാത്മികതത്വത്തിന്റെയും വേദാന്തത്തിന്റെയും ഒരു സമ്മേളനമാണ്‘.

ഈ പറഞ്ഞകാര്യങ്ങളെക്കൊണ്ട് ഈ ഉപനിഷത്തിന്റെ പരിഭാഷ ഏതെങ്കിലും ഒരു പ്രാദേശിക ഭാഷയിൽ എഴുതുന്നത് എത്രമാത്രം ശ്രമകരമാണെന്ന് വ്യക്തമാണ്. ദാസ്ഗനു അതു മറാത്തിയിൽ പദ്യ രൂപത്തിൽ വിവർത്തനം ചെയ്തു. പക്ഷെ ആ ഉപനിഷത്തിന്റെ അന്തസ്സത്ത ഉൾക്കൊള്ളാൻ കഴിയാത്തതിനാൽ അയാൾക്ക് തൃപ്തിവന്നില്ല. അതൃപ്തനായി പല പണ്ഡിതന്മാരോടും ഈ ഉപനിഷത്തിനെ പറ്റി ചർച്ച ചെയ്തു. അതുകൊണ്ട് അയാളുടെ പ്രശ്നത്തിന് പരിഹാരം കാണാതെ ദാസ്ഗനു വളരെ വ്യാകുലപ്പെട്ടു.

## സദ്ഗുരുമാത്രമാണ് വ്യാഖ്യാനിക്കാൻ അർഹൻ

മുൻ പറഞ്ഞപോലെ ഈ ഉപനിഷത്ത് വേദങ്ങളുടെ അന്തസ്സത്തയാണ്. അത് ആത്മജ്ഞാനത്തിന്റെ മാർഗ്ഗമാണ്. അത് ജനനമരണാദികൾ അവസാനിപ്പിച്ചു മോക്ഷം തരുന്ന

ഉപാധിയാണ്. അപ്പോൾ ആത്മജ്ഞാനികൾക്ക് മാത്രമേ അതിനെപ്പറ്റി നിർദ്ദേശം തരാൻ കഴിയൂ എന്നയാൾ കരുതി. ആർക്കും കഴിയാത്തപ്പോൾ ദാസ്ഗനു സായിബാബയോട് ആലോചിക്കാൻ തീർച്ചയാക്കി. ഷിർദ്ദിയിൽ പോവാനവസരം കിട്ടിയപ്പോൾ അയാൾ സായിബാബയെകണ്ട് നമസ്കരിച്ച് അയാളുടെ വിഷമത്തെപറ്റി പറഞ്ഞു. സായിബാബ അനുഗ്രഹിച്ച് പറഞ്ഞു: ‘നീ പരിഭ്രമിക്കേണ്ട, ഇതിൽ ഒരു പ്രയാസവുമില്ല. നീ മടങ്ങിപ്പോകുമ്പോൾ വൈലെപാർളെയിൽ വെച്ച് കാക്കാ സാഹെബ് ദീക്ഷിത്തിന്റെ വേലക്കാരി നിന്റെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കിത്തരും.‘ അതുകേട്ടവർ ബാബ തമാശപറഞ്ഞതാണെന്ന് ധരിച്ചു. പക്ഷെ ദാസ്ഗനു കാര്യമായെടുത്തു. ബാബ എന്തുപറഞ്ഞാലും അത് ശരിയാരിക്കുമെന്നും ബാബയുടെ വാക്കുകൾ ബ്രഹ്മ കല്പിതങ്ങളാണെന്നും അയാൾക്കാറിയാമായിരുന്നു.

## കാക്കയുടെ വേലക്കാരി

ബാബയുടെ വാക്കുകൾ വിശ്വസിച്ച് അയാൾ വൈലെർപാളെയിലെത്തി കാക്കാസാഹെബ് ദീക്ഷിത്തിന്റെ വീട്ടിൽ താമസിച്ചു. പിറ്റെന്ന് കാലത്ത് ദാസ്ഗനു മയങ്ങിക്കിടക്കുമ്പോൾ (ചിലർ പൂജ ചെയ്യുമ്പോൾ എന്നു പറയുന്നു). അയാൾ ഒരു ദരിദ്രപെൺക്കുട്ടി കർണ്ണാനന്ദകരമായി മനോഹരമായ ഒരു ഗാനം ആലപിക്കുന്നത് കേട്ടു. പാട്ടിന്റെ സാരം ‘ഇളം ചുവപ്പുസാരി എത്രമാത്രം അഴകുള്ളതാണെന്നോ! അതിന്റെ അറ്റങ്ങളും കരകളും എന്തുമാത്രം മനോഹര മാണെന്നോ! എന്നും മറ്റുമാണ്. ആ പാട്ടു കേട്ട് രസിച്ച് ദാസ്ഗനു പുറത്തുവന്നു നോക്കിയപ്പോൾ അവിടുത്തെ വേലക്കാരൻ നമ്യന്റെ സഹോദരി ഒരു സാധുവായ ചെറിയ പെൺക്കുട്ടിയാണ് പാട്ടുകാരി എന്ന് മനസ്സിലായി. അവൾ ഒരു കീറിയ പഴന്തുണി

ധരിച്ച് പാത്രം കഴുകുകയാണ്. ഇവളുടെ ശോചനീയമായ സ്ഥിതിയും സന്തുഷ്ടമായ മനഃസ്ഥിതിയും കണ്ട് അയാൾ അതിശയിച്ചു പിന്നീട് റാവുബഹദൂർ പ്രധാൻ അയാൾക്ക് രണ്ടു മുണ്ടുകൾ കൊടുത്തപ്പോൾ ആ കുട്ടിക്ക് ഒരു സാരി കൊടുക്കാനാവശ്യപ്പെട്ടതനുസരിച്ച്, അയാൾ നല്ലൊരു ദാവണി വാങ്ങികൊണ്ടുവന്ന് ആ കുട്ടിക്ക് കൊടുത്തു. പട്ടിണിക്കാരന് സദ്യകിട്ടിയതുപോലെ ആ കുട്ടിയുടെ ആനന്ദത്തിന് അതിരുണ്ടായിരുന്നില്ല. അടുത്ത ദിവസം ആ സാരിധരിച്ച് അവൾ ആനന്ദം കൊണ്ട് അവിടെ മുഴുവൻ ഓടിച്ചാടിനടന്ന് നൃത്തംവെച്ചും കളിച്ചും മറ്റു കുട്ടികളുമായു ഷുഗഡി കളിച്ചു തോല്പിച്ചും നടന്നു. അതിനടുത്ത ദിവസം ആ സാരി വീട്ടിൽ സൂക്ഷിച്ച് വെച്ച് പഴയ വേഷത്തിൽ തന്നെ വന്നു, ഇതുകണ്ട് ദാസ്ഗനുവിന്റെ സഹതാപം മാറി. കുട്ടി പഴയപോലെ തന്നെ സന്തുഷ്ടയാണ്. ഈ കുട്ടിക്ക് പഴന്തുണിയെയുള്ളു എങ്കിലും ഒരു പുതിയ സാരി കരുതിവെയ്ക്കാനുമുണ്ട്. എന്നിട്ട് പഴന്തുണി ഉടുത്ത് യാതൊരു പരാതിയുമില്ലാതെ അതീവ സന്തുഷ്ടയും മിടുക്കിയുമായി വിലസി നടക്കുന്നു. അങ്ങിനെ അയാൾക്ക് മനസ്സിലായി സന്തുഷ്ടിയും സന്താപവുമെല്ലാം മനസ്സിന്റെ ഭാവങ്ങൾ മാത്രമാണ് എന്ന്. അതിനെപറ്റി ആലോചിച്ചപ്പോൾ അയാൾക്ക് ദൈവം തന്നതുകൊണ്ട് തൃപ്തനാകണമെന്ന് ബോദ്ധ്യമായി. ദൈവം മുന്നിൽ നിന്നും പിന്നിൽനിന്നും നാനാഭാഗത്തുനിന്നും തന്നുകൊണ്ടിരിക്കയാണെന്നും അങ്ങിനെ ദൈവേച്ഛയോ കിട്ടുന്നതെല്ലാം അയാളുടെ ഗുണത്തിനാണെന്നും ബോദ്ധ്യമായി. ഈ സംഭവത്തിൽ കുട്ടിയുടെ ദാരിദ്ര്യസ്ഥിതിയും ജീർണ്ണിച്ച വസ്ത്രവും, പുതിയ സാരിയും, ദാനം കൊടുത്ത ആളും, ദാനം സ്വീകരിച്ച കുട്ടിയും

എല്ലാം ദൈവാംശങ്ങളാണ്. ഇതിൽ നിന്ന് ഉപനിഷത്തിലെ തത്വം യഥാർത്ഥത്തിൽ ദാസ്ഗനുവിനു പ്രവൃത്തിപരമായി കാണിച്ചുകൊടുത്തു. അതായത് ദൈവം തരുന്നതിൽ നിന്ന് തൃപ്തനാവുക ദൈവം ചെയ്യുന്നതു എല്ലാം നമുക്ക് നല്ലതാണ് എന്നാണ് ആ തത്വം.

## പഠിപ്പിക്കലിന്റെ പ്രത്യേക സമ്പ്രദായം

മേൽ സംഭവത്തിൽ നിന്നും ബാബയുടെ സമ്പ്രദായങ്ങൾ വ്യത്യസ്തവും പ്രത്യേക തരത്തിലുള്ളവയു മാണെന്ന് കാണാമല്ലോ. ബാബ ഷിർദ്ദിയിൽ നിന്നെങ്ങോട്ടും പോകില്ലെങ്കിലും, സാധന പരിശീലിക്കാൻ പലരേയും മച്ഛീന്ദ്രഗഡ, കോൽഹാപ്പൂർ, ഷോലാപൂർ എന്നിവിടങ്ങളി ലേക്കയക്കലുണ്ട്. ചിലർക്ക് സാധാരണ രൂപത്തിലും ചിലർക്ക് ജാഗ്രൽ സ്വപ്നങ്ങളിലും രാത്രിയോ പകലോ ആവിർഭവിച്ചു, അഗ്രഹനിവൃത്തി സാധിച്ചുകൊടുത്തു. ഭക്തൻമാർക്ക് നിർദ്ദേശങ്ങൾ നൽകാൻ ബാബ സ്വീകരിച്ച എല്ലാ വഴികളും പ്രതിപാധിക്കുന്നതു അസാദ്ധ്യമാണ്. ഈ സംഭവത്തിൽ ദാസ്ഗനുവെ, വൈലെപാർളെയിലേക്കയച്ച് ഒരു വേലക്കാരി ക്കുട്ടിയെകൊണ്ട് പ്രശ്നത്തിന് പരിഹാരം കാണിച്ചുകൊടുത്തു. ചിലർ പറയുമായിരിക്കാം, ദാസ്ഗനുവിനെ എന്തിനിങ്ങനെ അയച്ചു, ബാബക്കുതന്നെ പറഞ്ഞു കൊടുക്കാമായിരുന്നില്ലെ ? എന്ന്. അതിനുത്തരം ബാബ ശരിയായ മാർഗ്ഗമെ നിർദ്ദേശിക്കൂ എന്നാണ്. അല്ലാതെ എങ്ങിനെയാണ് ദാസ്ഗനുവിന്ന് വേലക്കാരിയും സാരിയും എല്ലാം ഈശ്വരവിലാസമാണെന്ന് ബോദ്ധ്യപ്പെടുക. ഈ ഉപനിഷത്തിനെ പറ്റി ഒരു ചെറിയ വിവരണത്തോട ഈ അദ്ധ്യായം അവസാനിപ്പിക്കാം.

## ഈശോപനിഷത്തിലെ സദാചാരം

ഈശോപനിഷത്തിലെ പ്രാധാന്യം അതു പ്രതിപാദിക്കുന്ന സദാചാരപരമായ കാര്യങ്ങളാണ്, ആ സദാചാരങ്ങൾ ആദ്ധ്യാത്മികത്വത്തിൽ ഉടലെടുത്തവയുമാണ്. തുടക്കംതന്നെ പറയുന്നതു ഭഗവാൻ എല്ലാറ്റിലും ഉൾകൊള്ളുന്നു എന്നാണ്. ഇതിന്നു അനുബന്ധമായി, സദാചാരമായി, അതു തരുന്ന ഉപദേശം മനുഷ്യൻ ദൈവകല്പിതമായി കിട്ടുന്നത് ആസ്വാദിക്കാനും, അങ്ങിനെ ദൈവകല്പിതമായി കിട്ടുന്നതെന്തും അയാളുടെ ഗുണത്തിനാണെന്നുള്ള പൂർണ്ണവിശ്വാസം വേണമെന്നുമാണ്. ഉപനിഷത്തു അന്യന്റെ സ്വത്തിനെ കാംക്ഷിക്കുന്നതു നിരോധിച്ചിരിക്കുന്നു. നമുക്കുള്ളതുകൊണ്ട് തൃപ്തിപ്പെടാനാണ് ഉപനിഷത്തിന്റെ സാരം. മറ്റൊരു സാരോപദേശം മനുഷ്യൻ ശാസ്ത്ര വിധിപ്രകാരമുള്ള കർമ്മം എല്ലാ കാലത്തും, ദൈവേച്ഛ നടക്കട്ടെ, എന്ന ഭാവത്തിൽ ചെയ്തുകൊണ്ടിരിക്കണമെന്നാണ്. നിഷ്കർമ്മത്വം ഈ ഉപനിഷത്തു പ്രകാരം ആത്മാവിന്റെ പുഴുക്കുത്താണ്. ഇങ്ങനെ കർമ്മനിരതനായിരുന്നാൽ മാത്രമെ മനുഷ്യനു നൈഷ്കർമ്മ്യത്തെപ്പറ്റി അറിയാൻ കഴിയൂ. പിന്നെ ഉപനിഷത്തുൽഘോഷിക്കുന്നത്, ആത്മാവിൽ എല്ലാ ജീവജാലങ്ങളെയും കാണാനും എല്ലാ ജീവജാലങ്ങളിലും ആത്മാവിനെ കാണാനുമാണ് ചുരുക്കത്തിൽ എല്ലാ ജീവജാല ങ്ങളും ആത്മനാണ്. അത്തരം ബോധമുള്ള ആൾ എങ്ങിനെ മോഹവാനാവും ? അയാൾക്ക് വ്യഥക്ക് എന്താണ് അവസര മുള്ളത്? വെറുപ്പ്, മോഹം, വ്യസനം ഇവയെല്ലാം എല്ലാ ജീവജാലങ്ങളിലും ആത്മനെ കാണാൻ കഴിയാത്തതു

കൊണ്ടുണ്ടാവുന്നതാണ്. എല്ലാറ്റിലും ആത്മനെ ദർശിക്കുന്നവന് സാധാരണ മനുഷ്യസഹജമായ സങ്കടങ്ങളൊന്നും ഉണ്ടാവുന്നതല്ല.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!